(സി) ആർ.ജി.ജി.വി. വൈ. പദ്ധതി 30-11-2014-ന് അവസാനിച്ചു. വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റേതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി പ്രസ്തുത കോളനികൾ വൈദ്യുതീകരിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

പുഴക്കാട്ടിരി വൈദ്യുതി സെക്ഷൻ രൂപീകരണം

62 (402) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 5 പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്നതും 25000-ത്തോളം ഉപഭോക്താക്കൾ പരിധിയിലുള്ളതുമായ മക്കരപറമ്പ് വൈദ്യുതി സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മക്കരപറമ്പ് വൈദ്യുതി സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത വിഷയം വൈദ്യുതി ബോർഡിന്റെ പരിഗണനയിലാണ്.

അനെർട്ടിന്റെ സോളാർ പാനലുകൾ

63 (403) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ട് സ്ഥാപിക്കുന്ന സോളാർ പാനലുകൾ സർക്കാർ വകുപ്പുകൾ നിരുത്സാഹപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) 2012-13 കാലയളവിലെ ആസ്തി വികസന ഫണ്ടിൽപ്പെടുത്തി ചേർത്തല താലൂക്ക് ആശുപത്രിയിൽ അനെർട്ടിന്റെ ചുമതലയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള നിർദ്ദേശപ്രകാരം ഭരണാനുമതി ലഭിച്ച ജോലിക്കുവേണ്ടി ഇനിയും തുക ലഭിച്ചിട്ടില്ലാത്തതും ജോലി ആരംഭിച്ചിട്ടില്ലാത്തതും എന്തുകാരണത്താലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ അനെർട്ടിന്റെ ചുമതലയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള ഭരണാനുമതി G.O. (Rt.) No. 2129/2013/H&FWD dated 18-6-2013 എന്ന ഉത്തരവ് പ്രകാരം നൽകുകയുണ്ടായെങ്കിലും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട തുക പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതുണ്ട്. 3-6-2014-ലെ സർക്കുലർ 54/2014-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്ന ഏജൻസിക്ക് തുക നൽകാൻ ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി-ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബിൽ തുക അഡ്വാൻസായി പിൻവലിക്കാൻ സാധിക്കാത്തതുകാരണം അക്രഡിറ്റഡ് ഏജൻസി ചെയ്ത പ്രവൃത്തിയുടെ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെന്ന് ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. 16-8-2014-ലെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. അതിനെ തുടർന്ന് ജി.ഒ.(പി.) 304/2014/ധന. തീയതി, 21-7-2014 ഉത്തരവുപ്രകാരം ടി പ്രവൃത്തിക്കുള്ള ബില്ലിന് സീനിയോരിറ്റി പ്രകാരം, പി.ഡബ്ല്യു.ഡി.വഴി തുക അനുവദിച്ച് ധനകാര്യവകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആസ്തി വികസന പദ്ധതി സർക്കാരിന്റെ പുതിയ സ്കീമായതിനാലാണ് തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം നേരിട്ടത്.

സ്വകാര്യ മേഖലയിലെ വൈദ്യുതി ഉല്പാദകർ

64 (404) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ (i) കാറ്റ്. (ii) സൂര്യപ്രകാശം (iii) ചെറുകിടജലപാതം (Small Hydro)എന്നിവ ഉപയോഗിച്ച് സംസ്ഥാനത്ത് വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്ന സ്വകാര്യമേഖലയിലെ ഏറ്റവും മികച്ച പത്ത് ഉല്പാദകരുടെ(മേൽ സൂചനാ മൂന്ന് സ്രോതസ്സുകളുടെ പ്രത്യേകമായി) വാർഷിക വൈദ്യുതി ഉല്പാദന ശരാശരി കണക്ക് സഹിതമുള്ള വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇത്തരത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന സ്വകാര്യ സംരംഭകർക്ക് ആയത് വിതരണം ചെയ്യുന്നതിനും മറ്റും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നിബന്ധനകളാണ് ബാധകമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly